**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി – ഭരണ സമിതികൾ നിലവിലില്ലാത്ത കാലയളവിൽ ഭവനപദ്ധതി അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് താല്ക്കാലിക ക്രമീകരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം. 3166/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 01–10–2010

---

പരാമർശം:
1. സ.ഉ.(എം.എസ്)നം.207/2009/തസ്വഭവ; തീയതി 07.11.2009
2. സ.ഉ.(പി.)നം.228/2010/തസ്വഭവ; തീയതി 30.09.2010
3. സ.ഉ.(പി.)നം.229/2010/തസ്വഭവ; തീയതി 30.09.2010

## ഉത്തരവ്

2010 നവംബർ 1–ന് മുൻപ് കാലാവധി അവസാനിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഭരണസമിതികളുടെ കാലാവധി അവസാനിക്കുന്നതു മുതൽ പൊതു തെരഞ്ഞെടുപ്പിന് ശേഷം പുതിയ ഭരണസമിതികൾ രൂപീകരിക്കുന്നതു വരെയുള്ള കാലയളവിലേക്ക് ഭരണനിർവഹണ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് പരാമർശം 2, 3 എന്നിവ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള ധനസഹായം പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ, നിർവഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പേരിൽ സംയുക്തമായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. ഭരണസമിതികൾ നിലവിലില്ലാത്ത കാലയളവിൽ ഭവന പദ്ധതി അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ചുവടെ പ്രതിപാദിക്കുന്ന താല്ക്കാലിക ക്രമീകരണം ഏർപ്പെടുത്തി സർക്കാർ ഉത്തരവാകുന്നു.

2. ഭരണസമിതികൾ നിലവിലില്ലാത്തതുകാരണം ഭരണ നിർവഹണ കമ്മിറ്റികൾ പ്രവർത്തിക്കുന്ന കാലയളവിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ഭവന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി ഓപ്പറേറ്റ് ചെയ്യേണ്ടതാണ്. സെക്രട്ടറി തന്നെ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറിയും പരാമർശം 2, 3 എന്നിവ പ്രകാരം രൂപീകരിച്ചിട്ടുള്ള ഭരണനിർവഹണ കമ്മിറ്റി നിശ്ചയിക്കുന്ന, കമ്മിറ്റിയിലെ സെക്രട്ടറിയെ കൂടാതെയുള്ള മറ്റൊരംഗവും സംയുക്തമായി ഭവനപദ്ധതി അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യണം. പദ്ധതി നിർവഹണത്തിൽ തടസം നേരിടാതിരിക്കുന്നതിന് ഈ ഉത്തരവ് പ്രകാരമുള്ള താല്ക്കാലിക ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, സഹകരണ വകുപ്പ്
8 രജിസ്ട്രാർ, സഹകരണസംഘം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
19 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
20 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്